# കലാമത്സരങ്ങൾ കലാകാരന്മാരെ സൃഷ്ടിക്കുന്നില്ല : എം. വി. ദേവൻ

തൃശ്ശൂർ : ജവഹർ ബാലഭവൻ അങ്കണം 'നിറക്കൂട്ട്'കൾ കൊണ്ട് വർണ്ണാഭമായപ്പോൾ കുട്ടികൾക്ക് അവധിക്കാലത്തിമിർപ്പിന്റെ കളിയുത്സവമായി.

കേരളീയം പത്രത്തിന്റേയും പെട്രോളിയം കൺസർവേഷൻ റിസർച്ച് അസോസിയേഷന്റേയും സംയുക്താഭിമുഖ്യത്തിൽ കുട്ടികൾക്കായി സംഘടിപ്പിച്ച പരിസ്ഥിതി ചിത്രരചനാ മത്സരവും അതിനോടനുബന്ധിച്ച നടന്ന രസകരമായ ക്ലാസുകളുമാണ് കുട്ടികൽക്ക് ഹരമായത്. രാവിലെ നടന്ന ചിത്രരചനാ മത്സരം ജില്ലാ കളക്ടർ ടി. ഒ. സൂരജ് ഉദ്ഘാടനം ചെയ്തു.

'കലാമത്സരങ്ങൾ കലാകാരന്മാരെ സൃഷ്ടിക്കുന്നില്ലെന്ന്' ഉദ്ഘാടന ചടങ്ങിൽ മുഖ്യാതിഥി ആയിരുന്ന പ്രശസ്ത ചിത്രകാരനും, സാഹിത്യകാരനുമായ എം. വി. ദേവൻ പറഞ്ഞു. നമ്മുടെ നാട്ടിൽ നടത്തുന്ന കലാമത്സരങ്ങളിലെ പ്രതിഭകൾക്ക് തുടർന്ന് രംഗത്തു നിൽക്കുവാൻ സാധിക്കുന്നില്ല. വളരെ കുറച്ചുപേർ മാത്രമേ അവശേഷിക്കുന്നുള്ളൂ. എം. വി ദേവൻ അഭിപ്രായപ്പെട്ടു.

ഉച്ചതിരിഞ്ഞ് സി. ആർ. ദാസ് വിവിധ കളികളെ കുട്ടികൾക്ക് പരിചയപ്പെടുത്തി. കലാ ഭവൻ സ്കൂൾ ചിത്രകലാധ്യാപികയായ രതീദേവി കുട്ടികൾക്കുള്ള ചിത്രരചനാ പരിചയ ക്ലാസ്സ് നടത്തി. പി. സി. ആർ. എ. റീജണൽ മാനേജർ ജയരാമൻ, എനർജി കൺസർവേഷൻ ക്ലബ് സെക്രട്ടറി കെ. സോമൻ എന്നിവർ ഊർജ്ജസംരക്ഷണം കുടുംബത്തിൽ എന്ന വിഷയത്തിൽ ക്ലാസ്സും പ്രദർശനവും നടത്തി.



ചിത്രരചനാ മത്സരം എൽ. പി. തലത്തിൽ മഞ്ജു മോഹൻ (സെന്റ് ഗേൾസ് സി. ജി. എച്ച്. എസ്. കുര്യച്ചിറ), ചിത്രാമുരളി (ഹരിശ്രീ വിദ്യാനിധി, പൂങ്കുന്നം), സിജീഷ് സിദ്ധാർത്ഥ (നമ്പൂതിരി വിദ്യാലയം, കോട്ടപ്പുറം) എന്നിവർ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾക്ക് അർഹരായി. യു. പി. തലത്തിൽ റിജിൻ സി. ആർ. (സെന്റ് ജോസഫ് എച്ച്. എസ്. ഏനാമാക്കൽ), സച്ചിൻ എസ്. മേനോൻ (കെ. വി. യു. പി. എസ്. മനക്കുളങ്ങര), രസിക പ്രകാശ് (ഹോളിഫാമിലി, സി. ജി. എച്ച് . എസ്.), എന്നിവർ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾക്ക് അർഹരായി. ഹൈസ്കൂൾ തലത്തിൽ വിനി വേണു ഗോപാൽ (ഹോളി ഫാമിലി സി.ജി.എച്ച്. എസ്. തൃശ്ശൂർ), പ്രസൂർ പി. പ്രേം (ഹോളി ഫാമിലി സി. ജി. എച്ച്. എസ്. തൃശ്ശൂർ), ജയശ്രീ കെ. ജി. (ഹോളി ഫാമിലി സി. ജി. എസ്. എസ്.), എന്നിവരും പ്രസ്തുത തലത്തിൽ സലീഷ് മോഹനൻ (മോഡൽ ബോയ്സ് ഹയർ സെക്കണ്ടറി സ്കൂൾ, തൃശ്ശൂർ), മിഷ വി. ന്നസ് (നാഷണൽ ഹൈസ്കൂൾ, എങ്ങണ്ടിയൂർ), ഷിജു ടി. ആർ. (എ. ഐ. എച്ച്. എസ്. എസ്., പാടൂർ) എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾക്ക് അർഹരായി.

കേരള സാഹിത്യ സെക്രട്ടറി പി. വി. കൃഷ്ണൻനായർ, ജവഹർ ബാലഭവൻ പ്രിൻസിപ്പാൾ ഭാസ്കരൻ, കെ. ജെ. ജോണി, പി. സി. ആർ. എ. റീജണൽ മാനേജർ ജയരാമൻ, കേരളീയം മാനേജിങ്ങ് എഡിറ്റർ റോബിൻ, ഡോ. എം. ആർ. ഗോവിന്ദൻ എന്നിവർ സംസാരിച്ചു സമാപന സമ്മേളനത്തിൽ ഡെപ്യൂട്ടി മേയർ കെ. രാധാകൃഷ്ണൻ അധ്യക്ഷനായിരുന്നു. പ്രശസ്ത ചിത്രകാരൻ ജെ. ആർ. പ്രസാദ് സമ്മാനങ്ങൾ വിതരണം ചെയ്തു.